I/87740/2023

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം (മിഷൻ വാത്സല്യ)</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**<u>(ഹാജര്: പ്രിയങ്ക ജി IAS ഡയറക്ടര് വനിതാ ശിശു വികസന വകുപ്പ് )</u>**

തിരുവനന്തപുരം,

ഉത്തരവ് നം. DWCD/2144/2022 - ICPS 4

തീയതി. 22-03-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് – ചൈൽഡ് വെൽഫെയർ കമ്മറ്റി – ജുവൈനൽ ജസ്റ്റിസ് ബോർഡ് – കാഷ്വൽ സ്വീപ്പർക്ക് 2023 ജനുവരി, ഫെബ്രുവരി മാസത്തെ വേതനം അനുവദിച്ചുത്തരവാകുന്നു.

പരാമർശം : 1. ഈ കാര്യാലയത്തിലെ 24.10.2017 ലെ ICPS5/9174/18 നമ്പർ ഉത്തരവ്

2 . ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 21.02.2023 ലെ 2519/2022/DCPU/IDK നമ്പർ കത്ത്.

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ (മിഷൻ വാത്സല്യ) ജില്ലാ ഘടകമായ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ പരാമർശം ( 1 ) പ്രകാരം നിയമനം നടത്തിയിരുന്നു. ടി തസ്തികയിൽ നിയമിച്ച ജീവനക്കാരിക്ക് 2023 ജനുവരി, ഫെബ്രുവരി മാസത്തെ വേതനം അനുവദിക്കണമെന്ന് ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിക്ക് പ്രതിമാസം 8000/- രൂപ നിരക്കിൽ 2023 ജനുവരി, ഫെബ്രുവരി മാസത്തെ വേതനം ഇനത്തിൽ ആകെ **16,000/-രൂപ (പതിനാറായിരം രൂപ മാത്രം)** അനുവദിച്ചുത്തരവാകുന്നു.

ടി തുക **16,000/-രൂപ (പതിനാറായിരം രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിലെ ജെ.ജെ.ബി അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്(1.29.3) കംപോണെന്റിൽ നിന്നും

I/87740/2023

ഇടുക്കി ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതാണ്.വനിതാ ശിശു വികസന ഓഫീസർ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അലോട്ട്മെൻറ് ആയി അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ഇടുക്കി
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 22-03-2023 00:24:26